# പിടിച്ചു നിന്നത് ഇസ്‌ലാമിക് ബാങ്കുകൾ മാത്രം

**അമേരിക്കയിലെ** ഭവന വായ്പാ തിരിച്ചടവ് പ്രതിസന്ധി(Subprime mortgage crisis) ചുഴലിക്കൊടുങ്കാറ്റ് പോലെ, ലോക സമ്പദ്ഘടനകളിൽ കനത്ത നാശം വിതച്ചുകൊണ്ട് ആഞ്ഞടിക്കുകയാണ്. ഭവന വായ്പയിൽ കുമിഞ്ഞുകൂടിയ പലിശയാണ് വില്ലൻവേഷം കെട്ടിയാടിയത്. അമേരിക്കയിലെ നൂറു കണക്കിന് വായ്പാ സ്ഥാപനങ്ങൾ ഇതിൽപെട്ട് പാപ്പരായി. ബോംബെ ഓഹരി കമ്പോളത്തിലുണ്ടായ വൻതകർച്ച ഇതിന്റെ ഭാഗമായിരുന്നു. ഇതിനേക്കാൾ ദയനീയമാണ് യൂറോപ്പിലെ ഓഹരിക്കമ്പോളങ്ങളുടെയും ബാങ്കുകളുടെയും സ്ഥിതി. കഴിഞ്ഞ ഒക്ടോബർ മുതൽ 80 ബില്യൻ ഡോളറാണ് ആഗോള ബാങ്കുകൾ എഴുതിത്തള്ളിയത്. പ്രതിസന്ധിയിൽ പരിക്കേൽക്കാതെ പിടിച്ചു നിന്നത് ഇസ്‌ലാമിക് ബാങ്കുകൾ മാത്രം.

'ഇസ്‌ലാമിക ബാങ്കുകളെ സംബന്ധിച്ചേടത്തോളം ആവേശകരമായ ഒരു വർഷമാണ് കടന്നു പോയത്. ഞങ്ങളുടെ ശൃംഖലയിൽ ഇസ്‌ലാമിക് ബാങ്ക് നല്ല പ്രകടനം കാഴ്ച വെച്ചു.' അറബ് ബാങ്കിംഗ് കോർപറേഷനിൽ(എ.ബി.സി) ഇസ്‌ലാമിക് ബാങ്കിംഗിന്റെ ചുമതല വഹിക്കുന്ന ഡങ്കൻ സ്മിത്ത് പറഞ്ഞു. എ.ബി.സിയിലെ പരമ്പരാഗത ബാങ്കുകളുടെ വരുമാനം 2006-ൽ 202 മില്യൻ ഡോളറായിരുന്നു. അത് കഴിഞ്ഞ വർഷം 125 മില്യൻ ഡോളറായി ഇടിഞ്ഞു.

ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ മുന്നോടിയായി ഇപ്പോൾ രൂപപ്പെട്ട പ്രതിസന്ധിയിൽ പിടിച്ചു നിൽക്കാൻ കഴിഞ്ഞത് ഇസ്‌ലാമിക കടപ്പത്രങ്ങൾക്ക് മാത്രമാണെന്ന് ബഹ്റൈൻ ഉപ ധനകാര്യമന്ത്രി മുഹമ്മദ് നൂർ യഅ്ഖൂബ് പറഞ്ഞു. ഇസ്‌ലാമിക് ബാങ്കുകൾ പലിശയധിഷ്ഠിതമല്ല എന്നതാണ് കാരണം. ഇസ്‌ലാമിക് ബാങ്കിംഗിന്റെ ആസ്ഥാനമെന്ന് വിശേഷിപ്പിക്കപ്പെടുന്ന മലേഷ്യയിലെ ഇസ്‌ലാമിക ബാങ്കുകൾ പ്രതിസന്ധിയെ എളുപ്പത്തിൽ അതിജീവിച്ചത് ആഗോള സമ്പദ്‌വിദഗ്ധരുടെ ശ്രദ്ധയാകർഷിച്ചു കഴിഞ്ഞു. ഇസ്‌ലാമിക കടപ്പത്രങ്ങളുടെ 76 ശതമാനവും മലേഷ്യയുടേതാണ്. ഇത് പാശ്ചാത്യ നിക്ഷേപകരെ ഇസ്‌ലാമിക ഓഹരികളിലും ആസ്തികളിലും പണമിറക്കാൻ പ്രേരിപ്പിക്കുമെന്ന് കരുതപ്പെടുന്നു.

ഭീമൻ ബാങ്കുകളായ അമേരിക്കയിലെ സിറ്റിഗ്രൂപ്പും ബ്രിട്ടനിലെ എച്ച്.എസ്.ബി.സിയും ജർമനിയിലെ ഡോഷ്ചി ബാങ്കും ഈയിടെയാണ് 'ഇസ്‌ലാമിക ജാലകങ്ങൾ' തുറന്നത്. ശരീഅത്ത് അനുസൃത വ്യാപാരവും സേവനവും വിപുലപ്പെടുത്താനുള്ള ആലോചനയിലുമാണ് ആ ബാങ്കുകൾ. പക്ഷേ, ഇന്ത്യയിൽ സ്ഥിതി മറിച്ചാണ്. സാമ്പത്തിക വിദഗ്ധൻ കൂടിയായ പ്രധാനമന്ത്രി മൻമോഹൻസിംഗ് ഇസ്‌ലാമിക് ബാങ്കിംഗിന്റെ സാധ്യതകളാരായാൻ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയെങ്കിലും തൽപ്പര കക്ഷികളുടെ (സവർണലോബിയാണെന്നാണ് സംസാരം) വഴിമുടക്കൽ കാരണം അതു സംബന്ധമായ നീക്കങ്ങൾ ഏതാണ്ട് നിലച്ച മട്ടാണ്. ഇടതു കക്ഷികൾവരെ ഇസ്‌ലാമിക് ബാങ്കിംഗിന് വർഗീയ, സാമുദായിക വർണം നൽകുകയാണ്. സാമ്പത്തിക പ്രവർത്തനത്തിന്റെ ക്രിയാത്മക ബദൽ എന്ന നിലക്ക് ഇസ്‌ലാമിക് ബാങ്കിംഗിനെ ഇന്ത്യയിൽ പരിചയപ്പെടുത്തിയിട്ടില്ല എന്നാണ് ഇതെല്ലാം വ്യക്തമാക്കുന്നത്. ■



ഡങ്കൻ സ്മിത്ത്

# ഐ.ബി.ബി.എൽ ഒരു ബാങ്കിംഗ് വിസ്മയം

**1983** മാർച്ച് 30-നാണ് ഇസ്‌ലാമിക് ബാങ്ക് ഓഫ് ബംഗ്ലാദേശ് (IBBL) നിലവിൽവന്നത്. ഓഹരി ഉടമകളിൽനിന്ന് 1.15 മില്യൻ അമേരിക്കൻ ഡോളർ സ്വരൂപിച്ചായിരുന്നു തുടക്കം. ഇന്ന് ബാങ്കിന്റെ ആസ്തി 175 മില്യൻ ഡോളർ. 186 ബ്രാഞ്ചുകൾ, ഇരുപത്തി അയ്യായിരം ഷെയർ ഉടമകൾ, 40 ലക്ഷം നിക്ഷേപകർ, 5 ലക്ഷം ബിസിനസ് പങ്കാളികൾ- ചുരുങ്ങിയ വർഷം കൊണ്ട് ബാങ്ക് നേടിയത് അമ്പരപ്പിക്കുന്ന റിക്കാർഡ് വളർച്ച. അഞ്ച് വർഷം മുമ്പു വരെ ബംഗ്ലാദേശിലെ അഞ്ചാമത്തെ വലിയ ബാങ്കായിരുന്ന ഐ.ബി.എൽ ഇന്ന് രണ്ടാം സ്ഥാനം എത്തിപ്പിടിച്ചിരിക്കുന്നു.

ലണ്ടൻ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ബംഗ്ലാദേശി സംഘടനയായ *മുസ്‌ലിം എയ്ഡി*ന്റെ ക്ഷണ പ്രകാരം ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി അസി. അമീർ പ്രഫ. കെ.എ സിദ്ദീഖ് ഹസൻ, മുജ്തബാ ഫാറൂഖ് എന്നിവരുൾപ്പെട്ട ഒരു പ്രതിനിധി സംഘം ബാങ്കിന്റെ പ്രവർത്തനം നേരിൽ കാണുന്നതിനായി ഈയിടെ ബംഗ്ലാദേശ് സന്ദർശിക്കുകയുണ്ടായി. ബാങ്ക് ചെയർമാൻ പ്രഫ. അബൂനാസിർ അബ്ദുല്ലാഹിറും മുതിർന്ന ഉദ്യോഗസ്ഥരും അവരെ സ്വീകരിച്ചു. ബാങ്ക് വിജയകരമായി നടത്തി വരുന്ന മൈക്രോ ഫിനാൻസ്, ഗ്രാമവികസന പദ്ധതികൾ പ്രതിനിധിസംഘം വിശദമായി മനസ്സിലാക്കി.

മൈക്രോ ഫിനാൻസിനെക്കുറിച്ച ഒരു സി.ഡി പ്രദർശനവും ദൽഹിയിലെ ജമാഅത്ത് ആസ്ഥാനത്ത് നടത്തുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾക്ക് പരിഹാരം നിർദേശിക്കുന്നത് കൂടിയായിരുന്നു പ്രദർശനം. ■



ബാങ്ക് ചെയർമാൻ പ്രഫ. അബൂനാസിർ അബ്ദുല്ലാഹിർ